**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **14-03-2022 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ** | | **null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നോക്കുകൂലി ഇല്ലാതാക്കുന്നതിന് 2018-ൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചതിനെത്തുടർന്ന് തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്തിയത് വഴിയും തൊഴിലാളി സംഘടനകളുമായുള്ള ചർച്ചയുടെ ഫലമായും നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; 2021-ൽ അംഗീകൃത തൊഴിലാളി സംഘടനകൾ നോക്കുകൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | ചുമട്ടുതൊഴിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികൾ ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടാനും അമിത വേതനം ആവശ്യപ്പെടാനും പാടില്ല എന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഇപ്പോഴും ശ്രദ്ധയിൽ വരുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും സത്വരമായ ഇടപെടീൽ നടത്തി പ്രശ്നം രമ്യമായി പരിഹരിച്ച് വരുന്നുണ്ട്. 2021 ൽ അംഗീകൃത തൊഴിലാളി സംഘടനകൾ നോക്കുകൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 3 കേസുകളും, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ ജില്ലയിലും ചുമട്ടുതൊഴിലിന്റെ കൂലി ഏകീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ നിശ്ചയിക്കുന്ന വേതനം ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കാമെന്ന വ്യവസ്ഥ ഉണ്ടായിരിക്കേ അനുചിത തൊഴിൽ തർക്കങ്ങൾക്ക് പ്രധാന കാരണം തൊഴിലുടമകൾ അംഗീകൃത തൊഴിലാളികളെ ഒഴിവാക്കി ഇതര സംസ്ഥാനക്കാരെയുൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലയിലും നിശ്ചയിച്ച് പ്രസിദ്ധീകരിച്ചതിലും കുറഞ്ഞ വേതനത്തിന് തൊഴിലെടുപ്പിക്കാൻ ശ്രമിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ജില്ലാ തലത്തിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊഴിലുടമകൾ അംഗീകൃത ചുമട്ട് തൊഴിലാളികളുടെ സേവനം ആണ് പ്രയോജനപ്പെടുത്തേണ്ടത്. തൊഴിലുടമകൾ അംഗീകൃത തൊഴിലാളികളെ ഒഴിവാക്കി ഇതര സംസ്ഥാനക്കാരെ ഏർപ്പെടുത്തി കുറഞ്ഞ വേതനത്തിന് തൊഴിലെടുപ്പിക്കാൻ ശ്രമിക്കുന്നതായി രേഖാമൂലം പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | ചില അധികാര കേന്ദ്രങ്ങളുൾപ്പെടെ യുക്തിരഹിതമായി ചുമട്ടുതൊഴിലാളികളുടെ | (സി) | ചുമട്ടു തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, തൊഴിൽ സുരക്ഷ |

| | | | |
|---|---|---|---|
| | നിയമാനുസൃത അവകാശങ്ങൾക്കും തൊഴിലിനും പ്രതികൂലമാകുന്ന വിധത്തിൽ പ്രതികരണവും ഇടപെടലും ആവർത്തിക്കുന്ന സാഹചര്യത്തിൽ ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | ഉറപ്പാക്കുന്നതിനും പദ്ധതി വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ